വില്ലേജ്മാൻ/ശിപായി എന്നിവരുടെ പ്രമോഷന് ചെയിൻസർവ്വെ നിർബന്ധമാക്കിക്കൊണ്ടുള്ള കോടതി ഉത്തരവ്

65 (3153)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വില്ലേജ്മാൻ/ശിപായി എന്നിവരുടെ പ്രമോഷന് ചെയിൻസർവ്വെ നിർബന്ധമാക്കിക്കൊണ്ടുള്ള കോടതി ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പു ലഭ്യമാക്കുമോ;

(ബി) വില്ലേജുമാൻ/ശിപായി എന്നിവർക്ക് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന പ്രമോഷൻ കാട്ടു എത്രയെന്നുള്ള വിവരം വിശദമാക്കുമോ;

(സി) ഇത് ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 9.6.99-ലെ സി.എം.പി. നം.45813/98,ഒ.പി.26209/98, ടി നമ്പർ ഉത്തരവ് പ്രകാരമുള്ള സ്റ്റേ നിലവിലുണ്ട്. പകർപ്പു അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ലാന്റ് റവന്യൂ വകുപ്പിലെ ആകെ എൽ.ഡി. ക്ലാർക്ക്, വില്ലേജ് അസിസ്റ്റന്റ് തസ്തികയുടെ 35%-ന്റെ 25% തസ്തികകൾ ലാന്റ് റവന്യൂ/സർവ്വെ വകുപ്പുകളിലെ വില്ലേജുമാൻ, ലാസ്റ്റ് ഗ്രേഡ് സർവെന്റ്/അറ്റൻഡർമാർ എന്നിവർ 3:2 എന്ന അനുപാതത്തിൽ പ്രമോഷൻ നിയമനം നൽകുന്നതിലേക്കായി ഇപ്പോൾ നീക്കിവെച്ചിട്ടുണ്ട്.

(സി) വില്ലേജുമാൻ, ലാസ്റ്റ് ഗ്രേഡ് സർവന്റ്/അറ്റൻഡർമാർക്ക് ഇപ്പോൾ ലഭ്യമായികൊണ്ടിരിക്കുന്ന പ്രമോഷൻ കാട്ടു ആകെയുള്ള എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികകളുടെ 35% എന്റെ 25% എന്നതിൽ നിന്നും ആകെ എൽ.ഡി.ക്ളാർക്ക് വില്ലേജ് അസിസ്റ്റന്റ് തസ്തികകളുടെ 15% ആക്കി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അളവുതൂക്ക ഉപകരണങ്ങളുടെ മുദ്രവയ്ക്കൽ

66 (3154)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക ഉപകരണങ്ങളുടെ മുദ്രവയ്ക്കൽ രണ്ടു വർഷത്തിലൊരിക്കലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പരിശോധനയ്ക്കും മുദ്രവയ്ക്കുന്നതിനും നിലവിലുള്ള ഫീസ് എത്രയാണ്;

(സി) ഇതു കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്കെയിലുകളും മറ്റും പരിശോധിച്ച് മുദ്രവയ്ക്കുന്നതിന് മൊബൈൽ ലബോറട്ടറി സ്ഥാപിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) അളവുതൂക്ക ഉപകരണങ്ങളിലെ കൃത്രിമവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഇക്കാര്യം പരിശോധനയിലാണ്.

(ബി) പരിശോധനാഫീസ് നിശ്ചയിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ഇത് വളരെയധികം സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നകാര്യം പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തികസ്ഥിതിക്കനുസൃതമായി തീരുമാനമെടുക്കുന്നതാണ്.

(ഇ) 1998-99-ൽ 11585 കേസുകളും 1999-2000 ഫെബ്രുവരി മാസം വരെ 13189 കേസുകളും കണ്ടുപിടിച്ചിട്ടുണ്ട്.

മുനിസിപ്പൽ ഭരണം കാര്യക്ഷമമാക്കാൻ നടപടി

67 (3155)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പൽ ഭരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പല മുനിസിപ്പാലിറ്റികളിലും ക്രമാതീതമായ കുടിശ്ശിക നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്)നഗരങ്ങളിലെ ശുചിത്വനിലവാരം പരിശോധിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ജി) ഇവ അപര്യാപ്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly